**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 649** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കുട്ടനാട് എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി 2.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത എക്സൈസ് കോംപ്ലക്സിന് മൂന്ന് നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി നടത്തിയ മണ്ണ് പരിശോധനയിൽ കുട്ടനാടിന്റെ ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ 40 മീറ്റർ ആഴത്തിൽ പൈലുകൾ സ്ഥാപിച്ചാൽ മാത്രമേ കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയുള്ളൂവെന്നും അനുവദിച്ച തുകയ്ക്ക് കെട്ടിടം നിർമ്മിക്കുന്നത് സാധ്യമല്ലെന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അറിയിച്ചതിനെ തുടർന്ന്, അനുവദിച്ച തുകയ്ക്കുള്ളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാൻ പുതുക്കി നൽകാൻ ആവശ്യപ്പെട്ടതനുസരിച്ച് സ്റ്റീൽ സ്ട്രക്ചറിൽ കെട്ടിടം നിർമ്മിക്കാൻ സാധിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു.

തുടർന്ന്, സ്റ്റീൽ ബിൽഡിംഗ് ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 3,88,54,700/- കോടി രൂപ ആവശ്യമായി വരും.

എന്നാൽ സ്റ്റീൽ സ്ട്രക്ചർ കെട്ടിടത്തിന് 30 വർഷം മാത്രമാണ് ആയുസ്സെന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത കോംപ്ലക്സ് കോൺക്രീറ്റ് കെട്ടിടമായി നിർമ്മിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 1,026.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ഭരണാനുമതിക്കായി ലഭ്യമാക്കിയിരുന്നു. എന്നാൽ, ബജറ്റ് വിഹിതത്തിന് ഉപരിയായി ഭരണാനുമതി നൽകാൻ കഴിയില്ലെന്നും ആയതിനാൽ കുട്ടനാട് എക്സൈസ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുകയോ ചെലവ് കുറഞ്ഞ മറ്റ് മാർഗങ്ങൾ തേടുകയോ ചെയ്യേണ്ടതാണെന്നും അറിയിച്ചിരുന്നു.

**(ബി)** നിലവിൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** എക്സൈസ് ഓഫീസിൽ നിലവിൽ ഉപയോഗിച്ചു വരുന്ന വാഹനം ഏറെ പഴക്കം ചെന്നതും സ്ഥിരമായി പ്രവർത്തനക്ഷമമല്ലാതാകുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ വാഹനം വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഓഫീസിന് പുതിയ വാഹനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**